**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6146** **09-07-2024 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന്റെ ജപ്തി നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | കേരള ബാങ്ക് നിലവിൽ വന്നതിനുശേഷം നാളിതുവരെ എത്ര ജപ്തി നോട്ടീസുകൾ നൽകിയിട്ടുണ്ടെന്നും എത്രയെണ്ണത്തിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്നും എത്രയെണ്ണത്തിൽ നടപടി പൂർത്തീകരിച്ച് തുക ഈടാക്കുവാൻ സാധിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ; | (എ) | കേരള ബാങ്ക് നിലവിൽ വന്ന ശേഷം നാളിതുവരെ 32046 ജപ്തി നോട്ടീസുകൾ നൽകുകയും, 3669 എണ്ണത്തിൽ തുടർ നടപടികൾ സ്വീകരിക്കുകയും, 52 എണ്ണത്തിൽ ജപ്തി നടപടി പൂർത്തീകരിച്ച് തുക ഈടാക്കുവാനും സാധിച്ചിട്ടുണ്ട്. |
| (ബി) | കേരള ബാങ്ക് നാളിതുവരെ എത്ര തുക കിട്ടാക്കടമായി എഴുതി തള്ളിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | കേരള ബാങ്ക് രൂപീകൃതമായതിന് ശേഷം വായ്പകളിൽ കിട്ടാക്കടമായി ഉണ്ടായിരുന്നതിൽ 2020-21 സാമ്പത്തിക വർഷത്തിൽ 1,44,80,941/- രൂപ മുതലിനത്തിലും 2,70,87,858/- രൂപ പലിശയിനത്തിലും, 2021-22 സാമ്പത്തിക വർഷത്തിൽ 22,04,111/- രൂപ മുതലിനത്തിലും 20,46,211/- രൂപ പലിശയിനത്തിലും, 2022-23 സാമ്പത്തിക വർഷത്തിൽ 27,65,866/- രൂപ മുതലിനത്തിലും 48,83,774/- രൂപ പലിശയിനത്തിലുമായി എഴുതി തള്ളിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ